# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/179/2017 | **പത്രക്കുറിപ്പ്** | 2017 ആഗസ്റ്റ് 25

**എം. ജി ബിരുദ ഏകജാലകം : നാലാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അർഹരായവർ ആഗസ്റ്റ് 29 ന് വൈകിട്ട് 4 മണിക്ക് മുൻപായി പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ ബിരുദ പ്രവേശനത്തിന് നാലാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശനത്തിന് അർഹത ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ആഗസ്റ്റ് 29 ന് വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ആഗസ്റ്റ് 29 ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. ഫൈനൽ അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാവരും സ്ഥിരപ്രവേശനം നേടേണ്ടതാണ്. ഫൈനൽ അലോട്ട്മെന്റിൽ ഹയർ ഓപ്ഷൻ സൗകര്യം ലഭ്യമല്ലാത്തതിനാൽ സ്ഥിരപ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**യൂ . ജി പ്രവേശനം 29 ന് അവസാനിപ്പിക്കണം.**

യൂ. ജി പ്രോഗ്രാമുകളുടെ പ്രവേശന നടപടികൾ ആഗസ്റ്റ് 29 ന് വൈകീട്ട് നാലുമണിക്കു മുൻപായി പൂർത്തീകരിക്കണം. 29 ന് ശേഷം പ്രവേശനം അനുവദിക്കുന്നതല്ല. ഓൺലൈൻ അഡ്മിഷൻ പോർട്ടൽ ആഗസ്റ്റ് 29 ന് വൈകീട്ട് 5 മണിക്ക് ക്ലോസ് ചെയ്യുന്നതാണ്.

**പ്രാക്ടിക്കൽ പരീക്ഷ**

2017 ജൂലായിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. എസ്‌സി. പ്ലാന്റ് ബയോടെക്നോളജി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 30 ന് തിരുവല്ല മാക്ഫാസ്റ്റിൽ വച്ച് നടത്തും. വിശദമായ ടൈം ടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 മെയ് മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. ഫിൽ ബിസിനസ് സ്റ്റഡീസ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ സെപ്റ്റംബർ 8 വരെ സ്വീകരിക്കും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എസ്‌സി. ഫിസിക്സ് (സി. എസ്. എസ്. റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്റ്റംബർ 8 വരെ സ്വീകരിക്കും.

2016 ജൂലായിൽ നടത്തിയ എം. എസ്‌സി. ഹോം സയൻസ് ഫാമിലി ആന്റ് കമ്മ്യൂണിറ്റി സയൻസ്, ഫുഡ് സർവ്വീസ് മാനേജ്മെന്റ് ആന്റ് ഡയറ്ററ്റിക്സ് (നോൺ സി. എസ്. എസ്. സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്റ്റംബർ 8 വരെ സ്വീകരിക്കും.

**സിൻഡിക്കേറ്റ് യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം ആഗസ്റ്റ് 31 ന് രാവിലെ സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തും.

**ഖലീൽ ജിബ്രാൻ ഇന്നും ജീവിച്ചിരിക്കുന്നു : അടൂർ ഗോപാലകൃഷ്ണൻ**

ഖലീൽ ജിബ്രാൻ എന്ന മഹാകവി ഇന്നും ലോകമെമ്പാടുമുള്ള സൗഹൃദയർക്കിടയിൽ ജീവിച്ചിരിപ്പുണ്ട് എന്ന് അടൂർ ഗോപാലകൃഷ്ണൻ. മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ വച്ച് നടത്തിയ ഖലീൽ ജിബ്രാൻ കാവ്യോത്സവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജിബ്രാന്റെ ജീവിതത്തെക്കുറിച്ചും കൃതികളെക്കുറിച്ചും അദ്ദേഹം സവിസ്തരം പ്രതിപാദിച്ചു. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ ഡോ. വി. സി. ഹാരിസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. എം. എ. അഷ്കർ, റവ. ഫാദർ മാത്യൂ ദാനിയൽ, മധു ഇറവങ്കര എന്നിവർ പ്രഭാഷണങ്ങൾ നടത്തി. ബാബു ജോൺ സ്വാഗതവും ഡോ സജി മാത്യൂ നന്ദിയും അർപ്പിച്ചു.

**അടിക്കുറിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ വച്ച് നടത്തിയ ഖലീൽ ജിബ്രാൻ കാവ്യോത്സവം അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**